# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1424 03.12.2015 - ൽ മറുപടിക്ക്**

## വേങ്ങൂർ - നായത്തോട്-എയർപോർട്ട് റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) വേങ്ങൂർ -നായത്തോട് - എയർപോർട്ട് റോഡിന്റെ ഒന്നാംഘട്ടമായ 1 കിലോമീറ്റർ ദൂരത്തിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുള്ളതിനാൽ 2010-ൽ റോഡ് പ്രവൃത്തിക്കും സ്ഥലമെടുപ്പിനും നല്കിയ 175 ലക്ഷം രൂപ വിനിയോഗിച്ച് റോഡ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ ; | (എ), (ബി) & (സി) | വേങ്ങൂർ - നായത്തോട് - എയർപോർട്ട് റോഡിന്റെ സ്ഥലമേറ്റെടുക്കലിന് അനുവദിച്ച 15 കോടി രൂപ ഉപയോഗിച്ച് 1 കി.മീ ദൂരത്തിലാണ് സ്ഥലമെടുപ്പ് പൂർത്തിയായിട്ടുള്ളത്. എന്നാൽ 500മീ. ഭാഗത്തെ പ്രവൃത്തികൾക്കായി 175 ലക്ഷം രൂപ വിനിയോഗിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നത്. എന്നാൽ സ്ഥലമെടുപ്പ് പൂർത്തിയായ മുഴുവൻ ഭാഗത്തിന്റെയും പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) വർഷങ്ങളായി പ്രസ്തുത റോഡിനായി സ്ഥലം വിട്ടു നൽകിയിട്ടുള്ളവരുടെ യാത്രാക്ലേശം കണക്കിലെടുത്ത് പ്രസ്തുത തുക വിനിയോഗിച്ച് അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള പ്രസ്തുത റോഡ് അടിയന്തിരമായി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ; | | |
| (സി) വർഷങ്ങളായി മുടങ്ങികിടക്കുന്ന പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ